"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കുടുംബശ്രീ-ജീവനക്കാര്യം-കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീമതി.ശോഭ.ഒ (ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1, പത്തനംതിട്ട) -യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.2149/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/11/2020

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) നം.580/2013/ധന.

3 06/08/2018-ലെ സ.ഉ(സാധാ) നം.2168/2018/തസ്വഭവ

4 11/11/2019-ലെ സ.ഉ(സാധാ) നം.2530/2019/തസ്വഭവ

5 കുടുംബശ്രീ ഡയറക്ടറുടെ 05/08/2020-ലെ 8314/ഇ1/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

പത്തനംതിട്ട പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1 ലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.ശോഭ.ഒ-യെ പരാമർശം(3)ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ നിയമിക്കുകയും പരാമർശം(4) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 04/09/2020 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 04/09/2020ന് അവസാനിച്ചതായും 05/09/2020 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ച് നൽകണമെന്ന് കുടുംബശ്രീ ഡയറക്ടർ പരാമർശം (5) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ശോഭ.ഒ-യുടെ കുടുംബശ്രീ സംസ്ഥാനമിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്ക് വിധേയമായി 05/09/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി.ശോഭ.ഒ(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&എസ്.ആർ.എ/ജി&എസ്.എസ്.എ) കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ